**പതിനഞ്ചാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 92** **07-10-2024-ൽ മറുപടിയ്ക്ക്**

**<u>സർക്കാരിന്റെ ഭരണനേട്ടങ്ങളുടെ പ്രചാരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനസർക്കാരിന്റെ ഭരണനേട്ടങ്ങളുടെ പ്രചരണാർത്ഥം ഇതരസംസ്ഥാനങ്ങളിലെ തീയേറ്ററുകളിൽ ഇതു സംബന്ധിച്ച വീഡിയോ പരസ്യം നൽകുന്നതിനായി തീരുമാനമെടുത്തിരുന്നോ; എങ്കിൽ ഇത്തരത്തിൽ ഒരു നിർദ്ദേശം ഉരുത്തിരിഞ്ഞത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നും ഇതിനായി വരുന്ന പ്രതീക്ഷിത ചെലവെത്രയെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 02.08.2024 തീയതിയിലെ സ.ഉ. (സാധാ) നം 76/2024/ഐ&പി ആർ ഡി ഉത്തരവ് പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

**(ബി)** ഇപ്രകാരമുള്ള വീഡിയോ പരസ്യനിർമ്മാണത്തിന് ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് ഇതിനായി മുന്നോട്ടു വന്നിട്ടുള്ളതെന്നും ഏത് ഏജൻസിക്കാണ് കരാർ നൽകിയതെന്നും അറിയിക്കുമോ;

**<u>മറുപടി:</u>** 02.08.2024 തീയതിയിലെ സ.ഉ. (സാധാ) നം 76/2024/ഐ&പി ആർ ഡി ഉത്തരവ് പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

**(സി)** സംസ്ഥാന സർക്കാരിന്റെ ഭരണനേട്ടങ്ങളുടെ പ്രചാരങ്ങൾക്കായി നാളിതു വരെ എത്ര തുക ചെലവഴിച്ചുവെന്ന വിശദാംശങ്ങൾ ഇനം തിരിച്ച് നൽകാമോ?

**<u>മറുപടി:</u>** ഡിസ് പ്ലേ പരസ്യങ്ങൾ പ്രസിദ്ധീകരിച്ച വകയിൽ 9,07,08,096/- രൂപയും തീയേറ്റർ, ടെലിവിഷൻ, എഫ് എം റേഡിയോ എന്നിവയ്ക്കായി ( ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എഫ്) വകുപ്പ് ) 4,52,88,517/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെയുള്ള കാലയളവിൽ വിവിധ 2220-60-106-93 ഔട്ട്ഡോർ പരസ്യങ്ങൾ (പ്ലാൻ) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി2) വകുപ്പിന്റെ) നല്കിയ വകയിൽ 8,51,94,223/- രൂപ (എട്ട് കോടി അൻപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി

ഇരുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

2021-22 : 1,16,47,570/- രൂപ

2022-23 : 1,16,98,385/- രൂപ

2023-24 : 2,56,16,598/- രൂപ

2024-25 : 3,62,31,670/- രൂപ

ഇനം തിരിച്ച് വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**